"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - സംസ്ഥാന സർക്കാരിന്റെ ഗദ്ദിക-2025 മേളയ്ക്കായി ജി.എസ്.ടി, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പടെയുള്ള വാടക ഒഴിവാക്കി കലൂർ സ്റ്റേഡിയം മൈതാനം (കിഴക്കുഭാഗം) വിട്ട് നൽകിയ നടപടി - സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.666/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 14.08.2025 ലെ STDD/2099/2025-B1 നമ്പർ കത്ത്
2. ജി.സി.ഡി.എ സെക്രട്ടറിയുടെ 25.07.2025, 07.11.2025, 17.02.2026 തീയതികളിലെ 6361/എസ്റ്റേറ്റ്/എ3/2025/ജിസിഡിഎ നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനസർക്കാർ സംഘടിപ്പിച്ച ഗദ്ദിക മേളയ്ക്കായി 21/08/2025 മുതൽ 07/09/2025 വരെ കലൂർ സ്റ്റേഡിയം മൈതാനം(കിഴക്കുഭാഗം) വിട്ട് കൊടുത്തിരുന്നു. ആയതിന്, ജി.എസ്.ടി, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പെടെ 11,70,850/- രൂപ വാടക കണക്കാക്കിയിട്ടുള്ളതാണ്. ടി വാടക തുക ഒഴിവാക്കി നൽകണമെന്ന് പരാമർശം (1) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡെവലപ്പ്മെന്റ് അതോറിറ്റീസ്) റൂൾസ് 2015, സെക്ഷൻ 58 (2) പ്രകാരം 1 ലക്ഷം രൂപയിൽ അധികരിക്കുന്ന തുകകൾക്ക് ഇളവ് നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, ജി.എസ്.ടി, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പെടെ ആകെ 11,70,850/- രൂപ ഒഴിവാക്കി മൈതാനം വിട്ടു നൽകിയ നടപടി സാധൂകരിക്കണമെന്ന് , എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിൻറെ വെളിച്ചത്തിൽ പരാമർശം (2) പ്രകാരം ജി.സി.ഡി.എ. സെക്രട്ടറിയും അഭ്യർത്ഥിച്ചിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 21/08/2025 മുതൽ 07/09/2025 വരെ സംഘടിപ്പിച്ച ഗദ്ദിക മേളയ്ക്കായി വിട്ട് നൽകിയിരുന്ന കലൂർ സ്റ്റേഡിയം മൈതാന (കിഴക്കുഭാഗം)ത്തിന്റെ വാടക തുകയായ 11,70,850/- രൂപ (ജി.എസ്.ടി ഉൾപ്പെടെ) ഒഴിവാക്കി മൈതാനം ഉപയോഗിച്ച നടപടി, കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡെവലപ്പ്മെന്റ് അതോറിറ്റീസ്) റൂൾസ് 2015, സെക്ഷൻ 58(2) പ്രകാരം സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ ഇ&ആർ.എസ്.എ) കേരളം, തിരുവനന്തപുരം

✓എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂമീഡിയ വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (IA3/124/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 10-03-2026 15:21:27
സെക്ഷൻ ഓഫീസർ